# KERALA POLICE INFORMATION CENTRE

No.36/PR/PIC/PHQ/10 Date : 16/06/10

## മോട്ടോർ വാഹനങ്ങളിലെ ഗ്ലാസുകൾ ശരിയായ കാഴ്ച ലഭിക്കുന്നതായിരിക്കണം

സംസ്ഥാനത്തെ മിക്ക വാഹനങ്ങളുടെയും മുന്നിലും പിന്നിലുമുള്ള വിൻഡ് സ്ക്രീൻ ഗ്ലാസുകളിലും വശങ്ങളിലെ ഡോർ ഗ്ലാസുകളിലും നിയമാനുസരണം നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ അകത്തുനിന്ന് പുറത്തേക്കും പുറത്തുനിന്ന് അകത്തേക്കും പൂർണ്ണമായ കാഴ്ച ലഭിയ്ക്കുന്നത് തടയുന്ന രീതിയിലുള്ള ആന്റിഗ്ലയർ/കൂളിംഗ് ഫിലിം ഒട്ടിക്കുന്നതായി കാണുന്നു. ഇത് നിയമപരമായി അനുവദനീയമല്ല. മാത്രമല്ല കുറ്റവാളികൾ ഇത്തരം വാഹനങ്ങൾ കുറ്റകൃത്യം ചെയ്യുന്നതിനും അതിന് ശേഷം രക്ഷപ്പെടുന്നതിനും സാധ്യതയുണ്ട്. കാഴ്ചയിലുള്ള തടസ്സം മൂലം അപകടങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു.

1989-ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ 100(2) വകുപ്പ് പ്രകാരം മോട്ടോർ വാഹനങ്ങളിലെ മുൻഭാഗത്തെയും പിൻഭാഗത്തുമുള്ള വിൻഡ് സ്ക്രീൻ ഗ്ലാസുകൾ അകത്തുനിന്ന് പുറത്തേക്കും പുറത്തുനിന്ന് അകത്തേക്കും 70% കാഴ്ച ലഭിയ്ക്കത്തക്കവണ്ണം പ്രകാശം കടത്തിവിടുന്നതും വശങ്ങളിലെ ഡോർ ഗ്ലാസുകളിൽ കൂടി 50% കാഴ്ച കിട്ടുന്നതിനാവശ്യമായ പ്രകാശം കടത്തിവിടുന്നതുമായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതിനാൽ നിയമാനുസരണം അനുവദനീയമായ ഈ അളവിൽ കാഴ്ച ലഭിയ്ക്കാത്ത തരത്തിലുള്ള ഗ്ലാസുകളോ ഫിലിമോ വാഹനങ്ങളിൽ ഉപയോഗിക്കുന്നത് ഈ വകുപ്പ് പ്രകാരം കുറ്റകരമാണ്. ആയതിനാൽ മോട്ടോർ വാഹനങ്ങളിൽ മേൽപറഞ്ഞ പ്രകാരം കാഴ്ച ലഭിയ്ക്കത്തക്ക വിധത്തിൽ വിൻഡ് സ്ക്രീൻ ഗ്ലാസ്സുകളും വശങ്ങളിലെ ഡോർ ഗ്ലാസ്സുകളും ക്രമീകരിക്കേണ്ടതാണ്.

The contents of this document may be deemed to be based on received information which is subject to further verification